# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2420 — 18.02.16 -ൽ മറുപടിക്ക്

## ജല സംഭരണികളുടെ വിസ്തൃതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കായലുകളും, തടാകങ്ങളും, കുളങ്ങളും ഉൾപ്പടെയുള്ള ജലസംഭരണികളുടെ വിസ്തൃതി, ആഴം, വേനൽക്കാലത്തും മഴക്കാലത്തുമുള്ള ജലവിസ്തൃതി അളവ് എന്നിവ കണ്ടെത്തുന്നതിനുള്ള സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഇല്ലെങ്കിൽ പൊതു താല്പര്യാർത്ഥം അത്തരമൊരു സർവ്വെ നടത്താനുള്ള തീരുമാനം കൈക്കൊള്ളുമോ; | (എ) & (ബി) സംസ്ഥാനത്തെ കായലുകളും തടാകങ്ങളും കുളങ്ങളും ഉൾപ്പെടെയുള്ള ജല സംഭരണികളുടെ വിസ്തൃതി, ആഴം വേനൽക്കാലത്തും മഴക്കാലത്തുമുള്ള ജലവിസ്തൃതി/ അളവ് എന്നിവ കണ്ടെത്തുന്നതിന് ആവശ്യമായ സർവ്വെ നടത്തുന്ന കാര്യം പരിശോധി ക്കാവുന്നതാണ്. |
| (സി) ജലസംഭരണികളെ സംബന്ധിച്ച ഒരു സർവ്വെ ഏറ്റവും ഒടുവിൽ നടന്നത് എന്നാണ്;ആ സർവ്വെയിൽ ശേഖരിച്ച വിവരങ്ങളും, തയാറാക്കിയ മാപ്പുകളും ഏതൊക്കെ വകുപ്പുകളിൽ ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ; അപ്ഡേറ്റ് ചെയ്യാൻ നടപടിയുണ്ടാകുമോ? | (സി) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെക്കുറിച്ച് 'നാഷണൽ വെറ്റ് ലാന്റ് ഇൻവെന്ററി ആൻറ് അസ്സ്സ്മെന്റ്" പ്രോജക്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻ കീഴിൽ പഠനം നടത്തി, 2010 ഫെബ്രുവരിയിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒയുടെ കീഴിലെ അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻ സെന്റർ, കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് സെന്റർ എന്നീ ഏജൻസികളാണ് പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച സാങ്കേതിക സ്ഥാപനങ്ങൾ റിപ്പോർട്ടിന്റെ പ്രസക്തമായ പേജ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ നടത്തിയ പ്രസ്തു സർവ്വേ അപ്ഡേറ്റ് ചെയ്യുന്നത് പരിശോധി ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/